**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **12-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 24.04.2017 -ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഇതിനെ തുടർന്ന് 01.01.2019 ലും 15.10.2020 ലും ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും ടെൻഡറിലൂടെ തെരെഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റുമായി ബന്ധപ്പെട്ട Request For Proposal -ലെ നിർദ്ദിഷ്ട നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലും ഇവരുടെ പ്രാതിനിധ്യം ടെൻഡറിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക കാരണങ്ങളാലും പദ്ധതി നടപ്പിലായിരുന്നില്ല. പിന്നീട് സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ പ്രത്യേക നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും (Special Clause) ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22.01.2021 ൽ പ്രസിദ്ധീകരിച്ച് റീടെൻഡർ നടപടി ആരംഭിച്ചിരുന്നു. ടി നിബന്ധനക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് തള്ളിക്കളഞ്ഞു കൊണ്ട് 29.03.2021-ൽ വിധി വരുകയും എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ 08.04.2021-ൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയുമുണ്ടായി. ടി അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണെങ്കിലും പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് നിയമ |

| | | | |
|---|---|---|---|
| | | | തടസ്സമില്ല എന്ന നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ